**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7** **08-08-2023 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വില ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് പൂർണ്ണമായും കൊടുത്ത് തീർക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | 2022-23 നെല്ല് സംഭരണ സീസണിലെ നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തു തീർക്കുവാൻ ഉള്ള നടപടികൾ പുരോഗമിക്കുന്നു. ഈ സീസണിൽ 31.07.2023 തിയതി വരെ സപ്ലൈകോ 7,31,184 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 1 കിലോ ഗ്രാം നെല്ലിന്റെ വിലയായ 28.20 രൂപ, കൈകാര്യ ചിലവിനത്തിലുള്ള 12 പൈസ എന്നിവ ഉൾപ്പെടെ ആകെ 2070.71 കോടി രൂപയിൽ 1637.83 കോടി രൂപ നൽകികഴിഞ്ഞിട്ടുണ്ട്. നെല്ലിന്റെ വില, കൈകാര്യ ചിലവ് എന്നിവയുടെ ഇനത്തിൽ ഏകദേശം 433 കോടി രൂപ ഇനിയും കൊടുത്ത് തീർക്കുവാനുണ്ട്. ഇതിനായി 31.07.2023ലെ സ.ഉ.(സാധാ)നം.327/2023/ F&CS പ്രകാരം 60 കോടി രൂപയും, 02.08.2023ലെ സ.ഉ.(സാധാ)നം.331/2023/ F&CS പ്രകാരം 120 കോടി രൂപയും ചേർത്ത് ആകെ 180 കോടി രൂപ ഇപ്പോൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കർഷകരിൽ നിന്നും താങ്ങുവില നൽകി നെല്ല് സംഭരിച്ച് സംസ്കരിച്ച് പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതാണ് ഈ പദ്ധതി. കേന്ദ്രസർക്കാർ നൽകുന്ന അടിസ്ഥാനവിലയും സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസും ചേർത്ത് 1 കിലോ ഗ്രാം നെല്ലിന് 28.20 രൂപയാണ് നിലവിൽ നൽകിവരുന്നത്. ഇപ്രകാരം സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണസംവിധാനത്തിലൂടെ വിതരണം ചെയ്തതിന് ശേഷം മാത്രമെ കേന്ദ്രവിഹിതം ലഭിക്കാനുള്ള ക്ലെയിം സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ക്ലെയിം സമർപ്പിച്ച് തുക അനുവദിക്കപ്പെടുമ്പോഴേക്കും |

| | | | |
|---|---|---|---|
| | | | നെല്ല് സംഭരിച്ച് 6മാസം വരെ കാലതാമസം വരാറുണ്ട്. ഇപ്രകാരം സർക്കാർ വിഹിതം ലഭിക്കുന്നതുവരെ കാത്തിരിക്കാതെ നെല്ല് സംഭരിച്ചാലുടൻ കർഷകർക്ക് വില നൽകുന്നതിനുവേണ്ടി വായ്പാസംവിധാനം ക്രമീകരിക്കുകയാണ് സപ്ലൈകോ ചെയ്തു വന്നിട്ടുള്ളത്. ബാങ്കുകളിൽ നിന്ന് വായ്പ അനുവദിക്കുവാനും അനുവദിച്ച വായ്പ വിതരണം ചെയ്യുവാനും ഉണ്ടാകുന്ന കാലതാമസം മൂലമാണ് നെല്ലിന്റെ വില കർഷകർക്ക് കൊടുക്കാൻ കൂടുതൽ സമയം എടുക്കേണ്ടതായി വന്നിട്ടുള്ളത്. |
| (ബി) | നെല്ല് സംഭരണത്തിന് വേണ്ടി സപ്ലൈകോ സഹകരണ ബാങ്കുമായി വായ്പയ്ക്ക് കരാർ ഒപ്പ് വച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ; പ്രസ്തുത വായ്പ ലഭിക്കുന്നതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കാമോ; | (ബി) | (02.02.2023ലെ സ.ഉ.(സാധാ)നം.44/2023/ F&CS) വായ്പയെടുക്കുന്നതിന് കരാറിൽ ഏർപ്പെടുകയും ടി തുക കർഷകർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. സഹകരണ ബാങ്ക് ഉൾപ്പെടെ വിവിധ ബാങ്കുകളിൽ നിന്നും വായ്പ എടുക്കാൻ ആവശ്യമായ ക്രമീകരണം നടത്തിക്കൊണ്ടാണ് സപ്ലൈകോ സർക്കാർ വിഹിതം ലഭ്യമാകുന്നതിന് മുമ്പ് തന്നെ നെല്ലിന്റെ വില കർഷകർക്ക് ലഭിക്കാൻ കഴിയുന്ന സംവിധാനം ഒരുക്കുന്നത്. ഭാവിയിൽ കൂടുതൽ കാര്യക്ഷമമായി നെല്ല് സംഭരണപദ്ധതി മുൻപോട്ട് കൊണ്ടുപോകുന്നതിന് കഴിയുന്ന ഒരു വായ്പാ സംവിധാനം ക്രമീകരിക്കുന്നതിന് കേരളാബാങ്കുമായി വിവിധ തലത്തിലുള്ള ചർച്ചകൾ പുരോഗമിക്കുന്നു. |
| (സി) | നെല്ല് സംഭരണത്തിനായി കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നുണ്ടോ; സംഭരണ തുകയിൽ സംസ്ഥാന വിഹിതം കുറച്ചിട്ടുണ്ടോ; കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഓരോ സീസണിലും നെല്ല് സംഭരണത്തിനായി കേന്ദ്രസർക്കാർ തുക അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിലേക്ക് ക്ലെയിം ചെയ്ത തുകകളുടെയും, അനുവദിച്ച തുകകളുടെയും അനുവദിക്കാൻ ബാക്കിയുള്ള തുകകളുടെയും വിവരങ്ങൾ അനുബന്ധം Iആയി ചേർക്കുന്നു.<br><br>2021-22 വർഷത്തിൽ കേന്ദ്രവിഹിതമായ 19.4 രൂപയും സംസ്ഥാന വിഹിതമായ 8.60 രൂപയും ചേർത്ത് 28.00 രൂപയാണ് സംഭരണവിലയായി നൽകിയിരുന്നത്. നിലവിൽ 2022-23 വർഷത്തിൽ കേന്ദ്രവിഹിതം 20.40 രൂപയായി വർദ്ധിച്ചു. ഇപ്പോൾ 1 കിലോ ഗ്രാം നെല്ലിന് മുൻവർഷത്തെ 28.00 രൂപയിൽ നിന്ന് വർദ്ധിപ്പിച്ച് 28.20 രൂപ കർഷകർക്ക് ലഭ്യമാകുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം. I**

| സാമ്പത്തിക വർഷം | ക്ലെയിം തുക | അനുവദിച്ച തുക | അനുവദിക്കാൻ ബാക്കിയുള്ള തുക (രൂപയിൽ) |
|---|---|---|---|
| 2018-19 | 5382016292 | 5316600000 | 65416292 |
| 2019-20 | 12217609101 | 10008400000 | 2209209101 |
| 2020-21 | 12692585002 | 12299000000 | 393585002 |
| 2021-22 | 13721312340 | 13199800000 | 521512340 |
| 2022-23 | 14916444738 | 11386500000 | 3529944738 |

## അനുബന്ധം II

| Season | MSP | SIB | Total |
|---|---|---|---|
| 2018-19 | 17.5 | 7.8 | 25.3 |
| 2019-20 | 18.15 | 8.8 | 26.95 |
| 2020-21 | 18.68 | 8.8 | 27.48 |
| 2021-22 | 19.4 | 8.6 | 28 |
| 2022-23 | 20.4 | 7.8 | 28.2 |